**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2143** **12-02-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി വാട്ടർ മെട്രോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി വാട്ടർ മെട്രോയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഇന്ത്യയിലെ പ്രഥമ വാട്ടർ മെട്രോ സംവിധാനമായ കൊച്ചി വാട്ടർ മെട്രോ പദ്ധതി ഏഷ്യയിലെ തന്നെ ഏറ്റവും ബൃഹത്തായ സംയോജിത ജലഗതാഗത സംവിധാനമായാണ് അറിയപ്പെടുന്നത്. കൊച്ചിയിലെ പത്ത് (10) ദ്വീപുകളെ നഗരപ്രദേശവുമായി ബന്ധിപ്പിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>മികച്ച ഊർജ്ജ ക്ഷമതയുള്ളതും കുറഞ്ഞ മലിനീകരണ തോതുമുള്ള ബാറ്ററിയിലും ഹൈബ്രിഡ് മോഡിലും പ്രവർത്തിക്കുന്ന എയർ കണ്ടീഷൻഡ് ആയ വാട്ടർ മെട്രോ ബോട്ടുകൾ യാത്രക്കാർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളും അത്യാധുനിക സുരക്ഷാ സംവിധാനങ്ങളും പ്രദാനം ചെയ്യുന്നു.<br>10-15 മിനിറ്റിനുള്ളിൽ ചാർജ്ജ് ചെയ്യാവുന്നതും ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ ലിഥിയം ടൈറ്റനേറ്റ് ഓക്സൈഡ് ബാറ്ററിയാണ് വാട്ടർ മെട്രോ ബോട്ടുകളിൽ ഉപയോഗിക്കുന്നത്.<br>വേലിയേറ്റ, വേലിയിറക്ക സമയത്തും ബോട്ടുകൾക്കൊപ്പം ഒരേ നിരപ്പിൽ നിൽക്കുന്ന ഫ്ലോട്ടിംഗ് പോൺടൂണുകൾ കൊച്ചി വാട്ടർ മെട്രോയുടെ പ്രത്യേകതയാണ്.<br>യാത്രക്കാരുടെ എണ്ണം നിജപ്പെടുത്തുന്നതിനായി പാസഞ്ചർ കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>വാട്ടർ മെട്രോ ബോട്ടുകളും ടെർമിനലുംകളും പൂർണ്ണമായും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചിട്ടുള്ളത്.<br>അപകടങ്ങൾ നേരിടുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനും സുരക്ഷാ ബോട്ടുകളും സജ്ജമാക്കിയിട്ടുണ്ട്.<br>പൊതുഗതാഗത മാർഗ്ഗമെന്ന നിലയിൽ |

| | | | |
|---|---|---|---|
| | | | ജലപാതകളാൽ ബന്ധിപ്പിച്ചിട്ടുള്ള പ്രദേശങ്ങളുടെ സമഗ്ര വികസനവും കൊച്ചി വാട്ടർ മെട്രോ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. |
| (ബി) | അത്യാധുനിക സൗകര്യമുള്ളതും വേഗതയേറിയതുമായ പൊതുഗതാഗത സംവിധാനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുകയെന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സാധ്യമാക്കുന്നതിന് കൊച്ചി വാട്ടർ മെട്രോ സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | വാട്ടർ മെട്രോയിലെ കുറഞ്ഞ ടിക്കറ്റ് നിരക്ക് 20 - 40 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനു പുറമെ സ്ഥിരയാത്രക്കാർക്കായി ഡിസ്കൗണ്ടോടുകൂടി യാത്രാ പാസുകളും ഏർപ്പെടുത്തിയിട്ടുണ്ട്.<br>ജലപാതകളുടെ സങ്കീർണ്ണ ശൃംഖലയിലൂടെ നഗരത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന നൂതനവും സുസ്ഥിരവുമായ ഗതാഗത മാർഗ്ഗമാണ് കൊച്ചി വാട്ടർ മെട്രോ. പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഗതാഗത കുരുക്ക് കുറയ്ക്കാനും നഗരത്തിന്റെ കണക്ടിവിറ്റി മെച്ചപ്പെടുത്താനും പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. വാട്ടർ മെട്രോ അത്യാധുനിക സൗകര്യങ്ങൾ ഉള്ളതും അത്യന്തം സുരക്ഷിതവുമാണ്. 16 ലക്ഷത്തിലധികം യാത്രക്കാർ ഇതിനകം യാത്ര ചെയ്തു കഴിഞ്ഞു എന്നത് ഇതിന്റെ ജനസമ്മിതിയുടെ തെളിവാണ്. ദേശീയവും അന്തർ ദേശീയവുമായ ഒട്ടനവധി അവാർഡുകൾ ഇതിനകം കരസ്ഥമാക്കിയ വാട്ടർ മെട്രോ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കാൻ വിവിധ സർക്കാരുകൾ ശ്രമിക്കുന്നു എന്നത് രാജ്യത്തിനാകെ മാതൃകയാണ്. |
| (സി) | കൊച്ചി വാട്ടർ മെട്രോയുടെ ഒന്നാം ഘട്ട പ്രവർത്തന പുരോഗതിയും ഇതിനായി ചെലവഴിച്ച തുകയും ഏതെല്ലാം മേഖലയിൽ നിന്നാണ് ധനസമാഹരണം നടത്തിയതെന്നുമുള്ള വിശദാംശവും ലഭ്യമാക്കാമോ? | (സി) | 2023 ഏപ്രിൽ 25 ന് ബഹു. പ്രധാനമന്ത്രി ഉത്ഘാടനം നിർവ്വഹിച്ച വാട്ടർ മെട്രോ ആദ്യ ഘട്ടത്തിൽ മൂന്ന് റൂട്ടുകളിലാണ് പ്രവർത്തനം ആരംഭിച്ചത്. ഇതുവരെയുള്ള മൊത്തം പ്രവർത്തന ചെലവ് 13.67 കോടി രൂപയാണ്. 1.9 കോടി രൂപ ഷെയർ ക്യാപ്പിറ്റൽ, സർക്കാർ ഗ്രാന്റായി അനുവദിച്ച 5 കോടി രൂപ, തനതു വരുമാനമായ 3.8 കോടി രൂപ എന്നിവയാണ് ധനസമാഹരണ മാർഗ്ഗങ്ങൾ. |

സെക്ഷൻ ഓഫീസർ